# ഓണം അത്ര കേമമോ?

## പി. മോഹനൻ

**ഓർക്കുന്നതിനേക്കാൾ** ഓർമ്മയെന്ന പേരിൽ എഴുതാൻ മാത്രം കൊള്ളാവുന്നതാണ് ഓണം.

ഓണക്കാലമോർത്തു പുളകം കൊള്ളുന്ന മലയാളിയുണ്ടെന്നു തോന്നുന്നില്ല. അത്ര കേമത്തം ഓണം മലയാളിക്കോ, മലയാളി ഓണത്തിനോ നൽകിയിട്ടില്ല.

കാലാകാലങ്ങളിൽ ശ്രാദ്ധം, ജന്മദിനം, ഉത്സവം, പെരുന്നാൾ എന്നിവയുടെ കൂട്ടത്തിൽ ഓണവും ഓണത്തിന് ഒരു മഹാകൂട്ടായ്മയുടെ വ്യാജസ്തുതിയുണ്ടെന്നു മാത്രം.

പിന്നെ ഓണക്കാലത്തുള്ള പ്രകൃതിയുടെ മാറ്റമാണ്. അതു ഒറ്റപ്പെട്ടതല്ല. എക്കാലത്തും പൂവും തളിരുമുണ്ടാകുന്നതാണ് സഹ്യന്റെ താഴ്വര. പിന്നെ വിളവെടുപ്പ്. മിക്കപ്പോഴും കന്നിക്കൊയ്ത്തു നഷ്ടമാണ്, നഷ്ടം നികത്തുന്നതു മകരക്കൊയ്ത്തിലും. ഓണം മകരത്തിലല്ല! മകരച്ചൊവ്വ പണിയാളരുടെ ആഘോഷമാക്കി ചുരുക്കിക്കളഞ്ഞു. അതു വിഷയം വേറെ.

പിന്നെ ഓണ നിലാവ്. അത് ചിങ്ങത്തിന്റെ അട്ടിപ്പേറല്ല. മറ്റു മാസങ്ങളിലും പ്രത്യേകിച്ച് തുലാം, വൃശ്ചികം, ധനു, മകരം, കുംഭം മാസങ്ങളിലും നിലാവിന്റെ വേലിയേറ്റമുണ്ട്. സഹിക്കില്ല. അതു വെച്ചു നോക്കുമ്പോൾ ചിങ്ങനിലാവ് സിനിമാപ്പാട്ടിനോ, ഓണപ്പതിപ്പിലൊ കവിതയ്ക്കോ കൊള്ളാം. കവികളാണ് ഓണത്തെ ഒന്നുകൂടി വഷളാക്കിയത്. അതു വന്നവഴി പോയേനേ. കവികൾ അതിനെ പിടിച്ചു നിർത്തി മൂലവും പൂരാടവും ഒന്നാക്കി വിട്ടു. എന്നും കവികൾ അങ്ങിനെയാണ്. കഴുതകാമം കരഞ്ഞു തീർക്കും. കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടിയെ ഇല്ലാതാക്കും. എന്നിട്ട് നെഞ്ഞത്തടിയും നെലോളിയും തുടങ്ങും. സ്വപ്നത്തില് നിലാവ് കണ്ടൂന്ന് പറയും. എവിടേയും ഏതു രാത്രിയുടേയും സ്വപ്നമാണ് നിലാവ്. പിന്നെ ഉറക്കത്തിൽ നിലാവ് വിളങ്ങുന്നതു എങ്ങിനെ? സ്വപ്നത്തിൽ നിലാവല്ല, നിലവിളിയാണ് മുഴങ്ങുക.


ഇതൊന്നും പറഞ്ഞൂടാ. എല്ലാവരും ഇപ്പോൾ കവികളായി കച്ച കെട്ടിയിരിക്കയാണ്. നോവലിസ്റ്റിനും കഥാകൃത്തിനും നാടക കൃത്തിനും അത്യാവശ്യം പത്രാധിപർക്കുള്ള കത്തുകൾ എഴുതുന്നവർക്കു പോലും ഇപ്പോൾ കവികളായി അറിയപ്പെടാനാണ് മോഹവും മത്സരവും. പ്ലേറ്റോ ഇക്കാര്യമൊക്കെ എത്ര മുൻകൂട്ടി കണ്ടു?

പ്ലേറ്റോണിക് എന്നു വിളികോരുന്നതു വെറുതെയല്ല!

നമ്മുടെ വിഷയത്തിലേക്കു വരാം - ഓണം. ഭൂപരിഷ്ക്കരണ ബില്ലും വിദ്യാഭ്യാസ ബില്ലും പുതിയ നിയമങ്ങൾ ആവുന്നതുവരെ മലയാളിക്ക് കുമ്പിളിൽത്തന്നെയായിരുന്നു കഞ്ഞി. പാട്ടം അളക്കേണ്ട എന്ന നിയമവും ബോണസ്സ് എന്ന അവകാശവും വന്നു ചേർന്നപ്പോൾ, കുമ്പിളിലെ കഞ്ഞി കോരനു മാത്രമായി ഒതുക്കി തീർത്തതാണ് സമകാലിക ഓണത്തിന്റെ ചരിത്രം. അതുവരെ നൂറ്റൊന്നു കറിയെന്ന വിശേഷണമുള്ള ഇഞ്ചിത്തൈരും ചുട്ട പപ്പടവും തന്നെ മൃഷ്ടാനം. കുറച്ചു കൂടി ഭോഷാക്കാൻ നാളികേരച്ചമ്മന്തിയോ വേപ്പിലക്കട്ടിയോ ഉണ്ടായിരുന്ന ജന്മിത്തം അവകാശപ്പെട്ടിരുന്ന മൂപ്പിൽ നായന്മാർക്കും നമ്പൂരാർക്കും അത്രന്നെ!!

പിന്നല്ലേ തെക്കുവടക്കു ഓടിയ തീവണ്ടിപ്പാത വഴിയും പാലക്കാട് ചുരം, കൊല്ലം ചെങ്കോട്ട, ആര്യങ്കാവ്, ഒറ്റയടിപ്പാതകളിലൂടെയും മഞ്ചേശ്വരം, വൈത്തിരി ചെരുവുകളിലൂടെയും മലയാളി അന്താരാഷ്ട്രീയനായത്. പിന്നെ മോഡേണിറ്റി! അൽത്തൂസറിന്റെ പ്രമാണത്തിനു പുറകിൽ ശബരിമല പ്രസാദം, ഡെറീഡയുടെ പുസ്തകത്തിനുള്ളിൽ സ്വന്തം ജാതകത്തിന്റെ ഗ്രഹനിലയും അംശകവും. അങ്ങിനെ വീണിടം വിഷ്ണുലോകമായി അവീലും കാളനും മൂന്നാം ലോകചെറുത്തു നിൽപ്പിന്റെ കാഹളമായി കുമ്മാട്ടിപ്പാട്ടും പുലിക്കളിയും: "ദേ, വര്ണൂ കുമ്മാട്ടി, പടിക്കലെത്തി കുമ്മാട്ടി.....! മറ്റാരുമല്ല സ്വയം വേഷം കെട്ടി ശങ്കരന്യായേന പരകായ പ്രവേശം നടത്തി വരവാണ്, അൽത്തൂസറേയും ഡെറീഡയേയും പേടിപ്പിച്ച് കുടിയൊഴിക്കാൻ!

ബാധ്യതകളിൽ നിന്നും ഒഴിയണ്ടേ?!




"ഒരു സംസ്ഥാനത്തിന്റെ വികസനത്തിന് മാനുഷരെല്ലാരുമൊന്നുപോലെ."

-ഏഷ്യാനെറ്റ് ന്യൂസ്, ഗോർക്കിഭവൻ, തിരുവനന്തപുരം